## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1621

21.01.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്ന് പ്രവർത്തനം ആരംഭിക്കും; | എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ 21.12.2013 –ന് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തന പരിധിയിൽ വരുന്ന ജനവിഭാഗങ്ങൾ ഏതൊക്കെയാണ്; | ബി) കേന്ദ്ര സർക്കാർ ന്യൂനപക്ഷവിഭാഗങ്ങളായി അംഗീകരിച്ചിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി എന്നീ വിഭാഗങ്ങളാണ് പ്രവർത്തന പരിധിയിൽ വരുന്നത്. |
| സി) നിയുക്ത കോർപ്പറേഷന്റെ പ്രവർത്തനം, നിലവിൽ പ്രവർത്തിക്കുന്നതും എന്നാൽ നഷ്ടത്തിൽ തുടരുന്നതുമായ മറ്റ് കോർപ്പറേഷനുകളുടെ പ്രവർത്തനത്തെ ബാധിക്കുമോ; വിശദമാക്കുമോ? | സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഒരു സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയായിട്ടാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. ഈ കോർപ്പറേഷന്റെ പ്രവർത്തനം മറ്റു കോർപ്പറേഷനുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ